A

സമഗ്ര ശിക്ഷാ കേരളം

512

ആത്യന്തിക വിലയിരുത്തൽ I 2025-2026

അടിസ്ഥാനപാഠാവലി

ക്ലാസ്: 5

സമയം: 2 മണിക്കൂർ 15 മിനിറ്റ്

## നിർദേശങ്ങൾ

1. മൂല്യനിർണ്ണയ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുമ്പ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കണം
2. ആറു ചോദ്യങ്ങൾക്ക് ഉത്തരമെഴുതിയാൽ മതി.
3. എല്ലാ ഉപചോദ്യങ്ങൾക്കും ഉത്തരം എഴുതണം.

**(1) വായിക്കാം, എഴുതാം**

ആദ്യകാലത്ത് ഗ്രീസിലെ ഒളിമ്പിയാ മൈതാനത്തിൽ വച്ചായിരുന്നു ഈ മഹാമഹം നടത്തിപ്പോന്നത്. ഒളിമ്പിക്സ് എന്ന പേരുതന്നെ അങ്ങനെ വന്നതാണ്. ആ സ്മരണ നിലനിർത്താൻ ഒളിമ്പിയയിലെ ഒളിമ്പിക്ജ്വാലയിൽ നിന്ന് കൊളുത്തിയ ദീപശിഖ, ഓട്ടക്കാർ മാറിമാറി ഏറ്റെടുത്ത് ഒളിമ്പിക്സ് നഗരത്തിൽ എത്തിക്കുന്ന ഒരാചാരം 1936 മുതൽക്ക് ആരംഭിച്ചു. 1972 ലെ ഒളിമ്പിക്സിൽ 5976 ഓട്ടക്കാർ ദീപശിഖ വഹിച്ചുകൊണ്ടുള്ള ഓട്ടത്തിൽ പങ്കെടുത്തു.

"കൂടുതൽ വേഗത്തിൽ, കൂടുതൽ ഉയരത്തിൽ, കൂടുതൽ ശക്തിയിൽ" ഇതാണ് ഒളിമ്പിക് മുദ്രാവാക്യം. നാലുകൊല്ലം കൂടുമ്പോൾ നടക്കുന്ന ഓരോ മത്സരത്തിലും പലയിനങ്ങളിലും പുതിയ റെക്കോർഡുകൾ സ്ഥാപിക്കപ്പെടുന്നു. അതിനാൽ കായികമായ കഴിവിലും മനുഷ്യവർഗം മുന്നേറുകയാണെന്നു നമുക്കു സന്തോഷിക്കാം.

a) ഗ്രീസിലെ ഒളിമ്പിയ മൈതാനത്തിൽ വച്ചായിരുന്നു ഈ 'മഹാമഹം' നടത്തിപ്പോന്നത്. 'മഹാമഹം' കൊണ്ട് ഉദ്ദേശിക്കുന്നതെന്ത്?

   A. ദീപശിഖ

   B. റെക്കോർഡുകൾ

   C. ഒളിമ്പിക്സ്

   D. ഒളിമ്പിക് ജ്വാല

b) 'കായികമായ കഴിവിലും മനുഷ്യവർഗം മുന്നേറുകയാണ്' ഈ പ്രസ്താവനയോട് ഏറ്റവും യോജിക്കുന്ന ആശയം.

   A. മനുഷ്യവർഗം കായികരംഗത്തുമാത്രം മുന്നേറുന്നു.

   B. മനുഷ്യവർഗം എല്ലാ രംഗത്തും മുന്നേറുന്നു.

   C. മനുഷ്യവർഗം മുന്നേറുന്നതേയില്ല.

   D. മനുഷ്യവർഗം കായികരംഗത്തൊഴികെ മുന്നേറുന്നു.

c) താഴെ നൽകിയിട്ടുള്ളതിൽ ഒളിമ്പിക് മുദ്രാവാക്യം ക്രമമായി പരാമർശിക്കുന്നത്.

A. ശക്തി, വേഗം, ഉയരം

B. ഉയരം, ശക്തി, വേഗം

C. വേഗം, ശക്തി, ഉയരം

D. വേഗം, ഉയരം, ശക്തി

d) 1972 ലെ ഒളിമ്പിക്സിൽ 5976 ഓട്ടക്കാർ ദീപശിഖ വഹിച്ചുകൊണ്ടുള്ള ഓട്ടത്തിൽ പങ്കെടുത്തത് എങ്ങനെയാണ്?

A. രണ്ടു മൂന്നു പേർ ചേർന്ന്

B. ഒരുമിച്ചു ചേർന്ന്

C. മാറി മാറി ഏറ്റെടുത്ത്

D. ചെറുസംഘങ്ങളായി

## (2) കളിയനുഭവം

a) ബാല്യകാല സുഹൃത്തുക്കളോടും സഹപാഠികളോടും ചേർന്ന് പലവിധത്തിലുള്ള കളികളിൽ ഏർപ്പെട്ടിട്ടുള്ളവരാണല്ലോ നിങ്ങൾ. അവധിക്കാലത്ത് ആഹ്ലാദത്തിമിർപ്പോടെ കളിച്ച ഏതെങ്കിലും ഒരു കളിയനുഭവം ചുരുക്കിയെഴുതുക.

b) അർധവൃത്താകാരമായ കോൺക്രീറ്റ് പടവുകളിലൂടെ മുകളിലേക്കും തിരിച്ചു താഴേക്കും ഓടണം. ഒന്നിലേറെ പടികൾ ചാടിക്കടക്കാൻ അനുവദിക്കപ്പെട്ടിട്ടില്ല- ഈ നിബന്ധനകൾ റ്റോമോയിലെ കായികമേളയിലെ ഏത് മത്സരയിനവുമായി ബന്ധപ്പെട്ടതാണ് ?

A. വടംവലി

B. മീൻവായിലൂടോട്ടം

C. റിലേ ഓട്ടം

D. മൂന്നുകാലിലോട്ടം

c) 'ഒരു പക്ഷേ ആർക്കറിയാം തകാഹാഷിയുടെ വിജയത്തിന് വേണ്ടിത്തന്നെ അദ്ദേഹം കണ്ടുപിടിച്ചവയാവാം റ്റോമോശൈലിയിലുള്ള പ്രത്യേക ഇനങ്ങൾ'. ഈ സംശയം ശരിയാണെങ്കിൽ എന്തിനു വേണ്ടിയാകാം മാസ്റ്റർ അങ്ങനെ ചെയ്തത്?

A. മറ്റുകുട്ടികളെ സന്തോഷിപ്പിക്കാൻ

B. ചിലരെയൊക്കെ തോൽപ്പിക്കാൻ

C. തകാഹാഷിയുടെ ആത്മവിശ്വാസം കൂട്ടാൻ

D. ടോട്ടോച്ചാനെ മത്സരിപ്പിക്കാൻ

**ചുവടെ കൊടുത്ത 3A, 3B എന്നീ രണ്ടുചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനുമാത്രം ഉത്തരമെഴുതുക.**

## (3A) ഡയറി

മുറ്റത്ത് ആട്ടിൻ കുട്ടികളോടൊപ്പം ആർത്തുല്ലസിച്ച് ഓടിക്കളിക്കുകയായിരുന്നു ദിയ. "ദിയാ... ഇവിടെ വന്നേ... ഈ പാത്രങ്ങൾ കഴുകിവയ്ക്ക്..." അമ്മ വിളിച്ചു. അമ്മയെ സഹായിച്ച്, വെളിയിൽ വന്ന് അവൾ പേരമരത്തിന്റെ ശിഖരങ്ങളിൽ ചവിട്ടിക്കയറി. ആ കിളി മുട്ടകൾ

വിരിഞ്ഞോ.. ആവോ? "ദിയാ... നീ ദീപുവിന്റെ യൂണിഫോം കഴുകിയിട്ടോ...?'' അമ്മ വീണ്ടും വിളിച്ചു. ഈ അമ്മ ഇങ്ങനെ തന്നെ... അവനോട് പറഞ്ഞാലെന്താ?

അന്നു രാത്രി ദിയ എഴുതാനിടയുള്ള ഡയറി സങ്കല്പിച്ചെഴുതുക.

**അല്ലെങ്കിൽ**

**(3B) കുറിപ്പ്**

'കളിയല്ല കളി' എന്ന യൂണിറ്റിലെ വിവിധ പാഠങ്ങളിലൂടെ പലവിധ കളികൾ പരിചയപ്പെടുകയും കളിക്കുകയും ചെയ്തിട്ടുണ്ടല്ലോ. ക്ലാസിൽ തയ്യാറാക്കുന്ന കളിപ്പതിപ്പിലേക്ക് ഏതെങ്കിലും ഒരു കളിയുടെ കളിനിയമങ്ങളും കളിരീതികളും ഉൾപ്പെടുത്തി ഒരു കുറിപ്പുതയ്യാറാക്കുക.

**ചുവടെ കൊടുത്ത 4A, 4B എന്നീ രണ്ടുചോദ്യങ്ങളിൽ ഏതെങ്കിലും ഒന്നിനുമാത്രം ഉത്തരമെഴുതുക.**

**(4A) കഥാരചന**

കുട്ടികളോടിക്കളിക്കുന്ന
മൈതാന വക്കിലായ്
ഒറ്റയ്ക്കിരുന്നു കരയുന്നൊരു കുട്ടി..
എങ്ങനെ കളിക്കുവാൻ?
ആരെന്നെ കൂട്ടുവാൻ!

ഈ കൊച്ചുകുട്ടിയെ എന്താവും മറ്റുള്ളവർ ഒപ്പം കളിക്കാൻ കൂട്ടാത്തത്?

കുട്ടിയെ കേന്ദ്ര കഥാപാത്രമാക്കി കഥ എഴുതുക.

**അല്ലെങ്കിൽ**

**(4B) വായനക്കുറിപ്പ്**

അവധിക്കാലത്തും വായനപക്ഷാചരണവുമായി ബന്ധപ്പെട്ടും നിങ്ങൾ നിരവധി കഥകളും കവിതകളുമൊക്കെ വായിച്ചിട്ടുണ്ടാകും. നിങ്ങൾക്ക് ഏറ്റവും ഇഷ്ടമായ പുസ്തകത്തെയോ രചനയെയോ കുറിച്ച് വായനക്കുറിപ്പുതയ്യാറാക്കുക.

**(5) നോട്ടീസ്**

നിങ്ങളുടെ സ്കൂളിൽ നിന്ന് വിദ്യാരംഗം കലാസാഹിത്യവേദിയുടെ ആഭിമുഖ്യത്തിൽ സാഹിത്യ പഠനയാത്ര പോകുന്നു. 2025 ആഗസ്റ്റ് 25 ന് രാവിലെ 8 മണിക്ക് യാത്ര ആരംഭിക്കും. പ്രദേശത്തെ സാഹിത്യപ്രാധാന്യമുള്ള വിവിധസ്ഥലങ്ങൾ സന്ദർശിക്കുകയാണ് ലക്ഷ്യം. വിദ്യാരംഗം കൺവീനർ യാത്ര നയിക്കും. രക്ഷിതാക്കളെയും പൊതുജനങ്ങളെയും ഈ വിവരം അറിയിക്കാൻ ഒരു നോട്ടീസ് തയ്യാറാക്കുക.

**(6) താരതമ്യക്കുറിപ്പ്**

'കാട്ടിലെ കളികൾ' എന്ന പാഠഭാഗത്ത് കുട്ടികളുടെ വിവിധ കളികൾ നിങ്ങൾ പരിചയപ്പെട്ടല്ലോ. 'റ്റോമോയിലെ കായികമേള' എന്ന പാഠഭാഗത്തിൽ വ്യത്യസ്തമായ ചില കളികളാണ് കണ്ടത്. രണ്ടിനും രണ്ടു ലക്ഷ്യങ്ങളായിരുന്നു എന്ന് തോന്നിയിട്ടുണ്ടോ?.

രണ്ടു പാഠസന്ദർഭങ്ങളെയും താരതമ്യം ചെയ്ത് കുറിപ്പ് തയ്യാറാക്കുക.